നിഹതേ രുഗ്മിണി സ്യാലേ നാബ്രവീത് സാധ്വസാധു വാ
രുഗ്മിണീബലയോ രാജൻ സ്നേഹഭംഗഭയാദ്ധരി: **(10-61-39)**

*ശുകമുനി തുടർന്നു:*
തനിക്ക് അനേകം സഹധർമ്മിണികളുണ്ടെങ്കിലും കൃഷ്ണൻ എല്ലായ്പ്പോഴും ഓരോരുത്തരുടെ കൂടെയും ഒരേസമയം കഴിഞ്ഞുവന്നു. അവർക്കെല്ലാം കൃഷ്ണന്റെ സദ്‌രൂപമെന്തെന്നറിയാമയിരുന്നു. കൃഷ്ണന്റെ ദിവ്യ പ്രകൃതിയും അവർക്കറിയാമായിരുന്നു. ഒരോ ഭാര്യമാരും കൃഷ്ണന് പത്തു പുത്രൻമാരെ നൽകി. കാമകലയിൽ വിദഗ്ദ്ധകളായിരുന്നുവെങ്കിലും കൃഷ്ണന്റെ മനമിളക്കാൻ അവർക്ക് കഴിഞ്ഞില്ല. കൃഷ്ണന്റെ സാമീപ്യം അവർ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നതുകൊണ്ട് അദ്ദേഹത്തിനെ സേവിക്കാൻ അവർ സദാ തയ്യാറായിരുന്നു. ദാസികൾ അനവധിയുണ്ടെങ്കിലും കൃഷ്ണനെ അവർ തന്നെ പരിചരിച്ചു.

പ്രദ്യുമ്നൻ തുടങ്ങിയവർ രുഗ്മിണിയുടെ പുത്രൻമാർ. ഭാനു തുടങ്ങിയവർ സത്യഭാമയിലും ശംബൻ തുടങ്ങിയവർ ജാംബവതിയിലും ജനിച്ചു. നഗ്നജിതിയിൽ വീരൻ മുതലായവരും കാളിന്ദിയിൽ ശ്രുതിയും മറ്റും ജനിച്ചു. പ്രഘോഷനും കൂട്ടരും ലക്ഷ്മണയുടെ പുത്രൻമാർ. വൃകനും മറ്റും മിത്രാവിന്ദയുടെ കുട്ടികളായും സംഗ്രാമചിത്ത് തുടങ്ങിയവർ ഭദ്രയിലും ജനിച്ചു. കൃഷ്ണൻ രക്ഷിച്ച പതിനാറായിരത്തിയെട്ടു കന്യകമാരിൽ പ്രമുഖയായ രോഹിണിയിൽ ദീപ്തിമാൻ തുടങ്ങിയ പുത്രൻമാരും കൃഷ്ണനുണ്ടായി.

പ്രദ്യുമ്നൻ രുഗ്മാവതിയെ വിവാഹം ചെയ്തു. രുഗ്മിയുടെ മകളാണ് രുഗ്മാവതി. അവർക്ക് പ്രശസ്തനായ അനിരുദ്ധൻ ജനിച്ചു. പ്രദ്യുമ്നൻ കാമദേവന്റെ ജൻമമായതുകൊണ്ട് രുഗ്മാവതി അദ്ദേഹത്തെ തിരഞ്ഞെടുത്തു. അവളുടെ ആഗ്രഹപ്രകാരം മറ്റു രാജകുമാരൻമാരെ എതിരിട്ടു തോൽപ്പിച്ച് പ്രദ്യുമ്നൻ അവളെ തട്ടിക്കൊണ്ടു പോരുകയാണ് ചെയ്തത്. രുഗ്മി കൃഷ്ണനെതിരായി കൊടിയ പകയുമായി നടന്നു. എങ്കിലും തന്റെ സഹോദരിയായ രുഗ്മിണിയെ വെറുപ്പിക്കാൻ അയാളാഗ്രഹിച്ചില്ല.

ആ കാര്യം കൊണ്ടു തന്നെ തന്റെ ചെറുമകളായ രോചനയെ അനിരുദ്ധനു നൽകാനും രുഗ്മി മടിച്ചില്ല. ആ വിവാഹാഘോഷത്തിൽ പങ്കെടുക്കാൻ കൃഷ്ണനും ബലരാമനും മറ്റ് പ്രഗൽഭരാജാക്കൻമാരും ഭോജകടത്തിൽ സമാഗതരായി. ദുരുപദേശകർ ബലരാമനെ ചൂതുകളിക്കായി വെല്ലുവിളിച്ചു തോൽപ്പിക്കാൻ രുഗ്മിയെ പ്രേരിപ്പിച്ചു. ബലരാമന് ചൂതുകളി പ്രിയമായിരുന്നുവെങ്കിലും നന്നായി കളിക്കാൻ അറിയുമായിരുന്നില്ല. രുഗ്മി തുടർച്ചയായി കളി ജയിച്ചു. ഓരോ തവണയും പന്തയപ്പണം കൂടിപ്പോന്നു. പന്തയപ്പണം വളരെ കൂടുതലായപ്പോൾ ബലരാമൻ ജയിച്ചു. വീണ്ടും ഉയർന്ന പന്തയം. ബലരാമൻ തന്നെ വിജയിച്ചു. എന്നാൽ രുഗ്മി കള്ളക്കളിയിൽ സ്വയം ജയിച്ചതായി പ്രഖ്യാപിച്ചു. ഒരശരീരി ശബ്ദം ബലരാമന് വിജയം എന്ന് പറഞ്ഞുവെങ്കിലും രുഗ്മി അതു വകവച്ചില്ല. അയാൾ ബലരാമനെ അധിക്ഷേപിക്കാൻ തുടങ്ങി. "നീയൊരിടയച്ചെറുക്കൻ. രാജാക്കൻമാരുടെ കളിയായ ചൂതിനെപ്പറ്റി നിനക്കെന്തറിയാം?" ഇതുകേട്ടു ക്രൂദ്ധനായ ബലരാമൻ ദുഷ്ടനായ രുഗ്മിയെ തന്റെ ഇരുമ്പുവടികൊണ്ട് വകവരുത്തി. തന്നെ എതിർക്കാൻ വന്ന മറ്റു രാജാക്കൻമാരെയും ബലരാമൻ കാലപുരിക്കയച്ചു. കൃഷ്ണൻ ഇതെല്ലാം നിശ്ശബ്ദനായി കണ്ടിരുന്നു. ഇതു നന്നായി എന്നോ, ഇതു ശരിയായില്ല എന്നോ കൃഷ്ണൻ പറഞ്ഞില്ല. ബലരാമനെയോ രുഗ്മിണിയേയോ വെറുപ്പിക്കാതെ കൃഷ്ണൻ കഴിച്ചു കൂട്ടി. വിവാഹം കഴിഞ്ഞ് എല്ലാവരും ദ്വാരകയിലേക്ക് മടങ്ങി.